**തദ്ദേശസ്വയംഭരണ വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - പുളിമാത്ത് ഗ്രാമപഞ്ചായത്ത് - പുളിമാത്ത് വില്ലേജ്-റസിഡൻഷ്യൽ പ്ലോട്ട് ഡിവിഷൻ - ലേ ഔട്ട്അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- പുളിമാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020 ലെ എ 3-4262/20 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/842/2020-D തീയതി 13/09/2021</u>**

പുളിമാത്ത് ഗ്രാമപഞ്ചായത്ത് പുളിമാത്ത് വില്ലേജിൽ സർവ്വേ നമ്പർ 41 / 6 ൽ ഉൾപ്പെട്ട 62.80 ആർ വസ്തുവിൽ റസിഡൻഷ്യൽ പ്ലോട്ട് സബ്ഡിവിഷൻ അനുവദിക്കുന്നതിലേക്കായി ശ്രീമതി റഹിമ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്ലോട്ട് സബ്ഡിവിഷന് താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർദ്ദിഷ്ട ലേഔട്ട് കെ .പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർദ്ദിഷ്ട ലേ -ഔട്ടിൽ നിർമ്മിയ്ക്കുന്ന ഓരോ വാസഗൃഹത്തിനും പ്രത്യേകം പ്രത്യേകമായി നിർമാണാനുമതി വാങ്ങിയിരിയ്ക്കണം. പ്ലാനിൽ കാണിച്ചിരിയ്ക്കുന്നത് പ്രകാരമുള്ള റോഡ്, ഡ്രെയിനേജ്, റിക്രിയേഷൻ ഫെസിലിറ്റീസ് എന്നിവ പെർമിറ്റ് നൽകുന്നതിന് മുൻപ് രൂപീകരിച്ചിരിയ്ക്കണം.
9. മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി വാങ്ങേണ്ടതാണ്.
10. KPBR 2019 ചട്ടം 10 പ്രകാരം സ്ഥലത്തു Excavation നടത്തുന്നത് സംബന്ധിച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**29/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്
സെക്രട്ടറി,
പുളിമാത്ത് ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

1)SMT RAHEEMA H.S.
POLICE HEADQUARTERS
P.M.G, VIKAS BHAVAN
THIRUVANANTHAPURAM

2.കരുതൽ ഫയൽ